Page 1 of 3

കോവിഡുമായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ നടപ്പാക്കിയപ്പോൾ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾ കുറച്ചു നാൾ അടച്ചിട്ടിരുന്നതിനാലും, വിതര ണോത്തരവിൽ പരാമർശിച്ചിരുന്ന സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ കമ്പനിയിൽ ലഭ്യമല്ലാതിരുന്നത് കാരണവും ഉപകരണങ്ങൾ വിതരണം ചെയ്യാൻ കാലതാമസം നേരിട്ടിരുന്നു.

(സി) പ്രസ്തുത മെഡിക്കൽ ഉപകരണങ്ങൾ ഏത് ദിവസത്തിനകം നൽകാമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ; ബാക്കിയുള്ള സാധനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ?

വിതരണം ചെയ്യാൻ ബാക്കിയുള്ള ഉപകരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇവ ഏതാണ്ട് മൂന്ന് മാസത്തിനുള്ളിൽ വിതരണം ചെയ്യാനാകുമെന്ന് കരുതുന്നു.

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

240 (4965) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബയോടെക്നോളജി പാർക്കിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

കെ.എസ്.ഐ.ഡി.സി., ലൈഫ് സയൻസസ് പാർക്ക് പദ്ധതി രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പാക്കുന്നത്. കാര്യനിർവഹണ സൗകര്യാർത്ഥം ആദ്യ ഘട്ടത്തിൽ 75 ഏക്കറും രണ്ടാം ഘട്ടത്തിൽ 160 ഏക്കറും വീതം ഭൂമിയാണ് ഏറ്റെടുക്കാൻ തീരുമാനിച്ചത്. കോടതി കേസുകൾ കാരണം ഭൂമി ഏറ്റെടുക്കുന്നതിൽ ഗണ്യമായ കാലതാമസമുണ്ടായി, അതിന്റെ ഫലമായി ആദ്യ ഘട്ടത്തിൽ 70 ഏക്കർ ഭൂമിയും, രണ്ടാം ഘട്ടത്തിൽ 86 ഏക്കർ ഭൂമിയും നാളിതുവരെ ഏറ്റെടുത്തു കഴിഞ്ഞു. കോടതി കേസുകൾ കാരണം ബാക്കി ഭൂമി ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. ആദ്യ ഘട്ടത്തിൽ വിവിധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ചെലവായി 374.73 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. പാർക്കിൽ അത്യാധുനിക ഓഫീസ് സ്ഥലം, ഇൻകുബേഷൻ സെൻറർ, ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളുള്ള ലാബ് മൊഡ്യൂളുകൾ എന്നിവ ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ, വലിയതും സംയോജിതവുമായ ബയോ കമ്പനികൾക്ക് അവരുടെ കാമ്പസുകളും സജ്ജീകരിക്കാൻ ഉപയോഗപ്രദമായ മോഡുലാർ ഓഫീസുകളും ചെറുകിട, സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ആയി wet&dry ലാബുകൾ സ്ഥാപിക്കുന്നതിനായി വികസിപ്പിച്ച പ്ലോട്ടുകളും പാർക്കിൽ സജ്ജമാക്കുന്നുണ്ട്. 20 മീറ്റർവീതിയുള്ള Internal റോഡുകൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പ്രതിദിനം ഒരു ദശലക്ഷം ലിറ്റർ വെള്ളവും 6 MVA വൈദ്യുതിയും വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെൻറ് (KSCSTE) സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്ററിനറി സയൻസസ് ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (K-VASU) സ്ഥാപിച്ച റിസർച്ച് കം ലേണിംഗ് സെൻറർ എന്നിവയാണ് പാർക്കിൽ പ്രവർത്തിക്കുന്ന പ്രധാന പദ്ധതികൾ. KSCSTE-യ്ക്കു വേണ്ടി വൈറോളജി പ്രോജക്ടിന്റെ അടുത്ത ഘട്ടത്തിനായി നിർമ്മിക്കുന്ന 80,827 ചതുരശ്രയടി വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്ക്, ബയോടെക് ലാബ് എന്നിവയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. 22-7-2021-ന് വിളിച്ചുചേർത്ത ജില്ലാ വ്യാവസായിക ഭൂമി അലോട്ടുമെൻറ് കമ്മിറ്റി (DILAC) വിവിധ കമ്പനികൾക്ക് 11 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്, ഇതിലൂടെ 200 കോടി രൂപ മുതൽമുടക്കും 650-ൽ അധികം ആളുകൾക്ക് നേരിട്ട് തൊഴിൽ നൽകാനും സാധിക്കുന്നതാണ്. ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനുള്ള സാധ്യതകൾ അന്വേഷിക്കുന്നതിനായി കേരള സർക്കാർ രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് വിവിധ വാക്സിൻ നിർമ്മാണ കമ്പനികളുമായി പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ചില കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുമുണ്ട്. ആദ്യ ഘട്ടത്തിലെ മിച്ചമുള്ള 25 ഏക്കർ ഭൂമി, ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. പാർക്കിന്റെ വികസനത്തിന്റെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത് KIIFB ധനസഹായത്തിലൂടെയാണ്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡ് (KIIFB) 301.17 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 86 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി ഇതുവരെ 170 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി KIIFB യിലേക്ക് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിനായി കണക്കാക്കുന്ന ചെലവ് 18 കോടി രൂപയാണ്. കൂടാതെ കെ.എസ്.ഐ.ഡി.സി. ശ്രീചിത്തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായി ലൈഫ് സയൻസ് പാർക്കിലെ (ഘട്ടം 1 ന്റെ 9 ഏക്കർ സ്ഥലത്ത്) ഒരു മെഡ്സ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മെഡ്സ്പാർക്കിലെ നിർദ്ദിഷ്ട സൗകര്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു: 1. Large Animal Breeding Centre 2. Prototyping-Pilot Manufacturing and Incubation Centre 3. Medical Device Testing & Evaluation Centre 4. R&D and Knowledge Resource Centre മെഡ്സ്പാർക്ക് പദ്ധതിയുടെ എസ്റ്റിമേറ്റ് ചെലവ് 286 കോടി രൂപയാണ്, ഇതിൽ SCTIMST-യുടെ സാങ്കേതിക പരിജ്ഞാന ഫീസ്

LIBRARY ARCHIVES Kerala Legislative Assembly

15 കോടി രൂപയും, കെ.എസ്.ഐ.ഡി.സി.-യുടെ ഭൂമി ചെലവ് 15 കോടി രൂപയും ആണ്. അത് 50:50 അടിസ്ഥാനത്തിൽ രണ്ട് ഏജൻസികളുടെ ഇക്വിറ്റി സംഭാവനയായി കണക്കാക്കുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി SPV രൂപീകരിക്കുന്നതിനുള്ള നിർദ്ദേശത്തിന് കെ.എസ്.ഐ.ഡി.സി. ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും, SCTIMST-ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. 19-3-2021-ന് ചേർന്ന കെ.എസ്.ഐ.ഡി.സി.യുടെ ബോർഡ് പദ്ധതി നിർവഹിക്കുന്നതിന് ഭരണപരമായ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യ പാക്കേജിൽ ഉൾപ്പെട്ട Animal House, Prototype & Incubation Centre തുടങ്ങിയവയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ടി നിർമ്മാണം 2022, ജൂണിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ട " Knowledge Resource Center-ന്റെ നിർമ്മാണത്തിന് ആവശ്യമായ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ടി പദ്ധതികളെല്ലാം പൂർത്തിയാക്കി 2022 ഡിസംബറോടെ Medspark പദ്ധതി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനകൾക്ക് ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കുന്നതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധന ആരംഭിച്ചിട്ടില്ല.

ആശുപത്രികളിലെ വെന്റിലേറ്റർ സൗകര്യങ്ങൾ

241 (4966) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആശുപത്രികളിൽ ആകെയുള്ള വെന്റിലേറ്ററുകളുടെ എണ്ണം സർക്കാർ, സ്വകാര്യമേഖല തിരിച്ച് അറിയിക്കുമോ?

കേരളത്തിലെ ആശുപത്രികളിലെ ആകെയുള്ള വെന്റിലേറ്ററുകളുടെ എണ്ണം സർക്കാർ മേഖലയിൽ 2404 സ്വകാര്യ മേഖലയിൽ 2391, ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	സർക്കാർ മേഖല	സ്വകാര്യ മേഖല
(1)	(2)	(3)
തിരുവനന്തപുരം	612	317